# കാൻസർ സാന്ത്വനം എവിടെ?

ഡോ. വി.പി. ഗംഗാധരൻ

**കാൻസർ** എന്ന പദം തന്നെ സമൂഹത്തിൽ ഞെട്ടലുളവാക്കുന്നതാണ്. മരണത്തിന്റെ പ്രതീകമായാണ് കാൻസറിനെ നാം കണ്ടുവരുന്നത്. ദൃശ്യമാധ്യമങ്ങളും പത്രമാധ്യമങ്ങളും കാൻസർ ബാധിച്ച് മരിക്കുന്ന നായകനേയോ നായികയേയോ ചിത്രീകരിച്ച് ജനശ്രദ്ധയും സഹതാപവും നേടാൻ ശ്രമിക്കാറുമുണ്ട്. കാൻസർ ഒരു പരിധിവരേയെങ്കിലും ചികിത്സിച്ച് ഭേദമാക്കാൻ സാധിക്കും എന്ന് കുറച്ച് പേരെങ്കിലും മനസ്സിലാക്കിത്തുടങ്ങിയെന്നത് ഒരു ശുഭസൂചനയാണ്. ചികിത്സിച്ച് ഭേദമാക്കാൻ സാധിക്കാത്ത കാൻസർരോഗികളുടെ ജീവിതം വേദനാരഹിതമാക്കാനും, ശേഷം കാലം ഒരു വിധം സുഖമായി ജീവിക്കാനും സാദ്ധ്യമാക്കുന്ന സാന്ത്വന ചികിത്സാ രീതികളും പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.



ഇന്ന് എന്റെ മനസ്സിനെ വേട്ടയാടുന്നത് ഇതൊന്നുമല്ല. നാമുൾപ്പെടുന്ന സമൂഹം കാൻസർ രോഗികളെ ഏത് കാഴ്ചപ്പാടിലാണ് കാണുന്നെന്ന് നോക്കാം. ഏകദേശം പതിനഞ്ചുവർഷത്തോളം കാൻസർ രോഗികളുമായി ഇടപഴകിയ എനിക്ക് അവരുടെ മനസ്സിന്റെ താളവും തുടിപ്പും മനസ്സിലായിട്ടുണ്ട്. ഈ ഓർമ്മക്കുറിപ്പിലൂടെ ഞാൻ അവരിൽ ചിലരെയെങ്കിലും അവതരിപ്പിക്കട്ടെ.

● പതിനാറു വയസ്സുകാരനായ ബിബിൻ. രക്താർബുദ ചികിത്സക്കായി എട്ടു വർഷം മുൻപ് എന്റെയടുത്തെത്തിയ ഒരു മിടുമിടുക്കൻ. ആശുപത്രി ജീവനക്കാരുടെ സുഹൃത്തായി മാറാൻ അവനൊട്ടും സമയം വേണ്ടിവന്നില്ല. എന്നോടും അവൻ പറയുമായിരുന്നു. "ഡോക്ടർ നോക്കിക്കോ, എന്റെ അസുഖം മാറി ഞാനും ഒരു ഡോക്ടറാകും. എന്നിട്ട് ഞാൻ ഡോക്ടറുടെ അസിസ്റ്റന്റായി ഇവിടെത്തന്നെ ജോലി ചെയ്യും." ചികിത്സകിടയിൽ വീട്ടിൽ പോയി വന്ന ബിബിൻ ഞങ്ങളോട് പറഞ്ഞു : "ഡോക്ടർ ഇനി എന്നെ വീട്ടിൽ വിടരുത്. എനിക്ക് ഇവിടെ വിട്ട് പോകേണ്ടാ." അവൻ എന്റെ കയ്യിൽ മുഖമമർത്തി തേങ്ങി തേങ്ങിക്കരഞ്ഞു. മനസ്സ് ശാന്തമായപ്പോൾ അവൻ പറഞ്ഞു. "വീട്ടിൽ പോയ 10 ദിവസം ഞാൻ അനുഭവിച്ച മാനസികപീഢനം ഡോക്ടർ അറിയണം. ഒരു നാട്ടിൻ പുറത്താണെന്റെ വീട്. ഞാൻ ഏകനായി ഒരു മുറിക്കകത്തായിരുന്നു. ഈ 10 ദിവസവും. ഒരു വിചിത്ര ജീവിയെ കാണുന്ന പോലെ നാട്ടുകാർ ജനൽ വഴി എന്നെ കാണും. അവരുടെ മുറിഞ്ഞു മുറിഞ്ഞുള്ള സംഭാഷണങ്ങളും കേൾക്കാം. അവർ എന്നോട് സഹതപിക്കുകയാണ്. ഭ്രാന്ത് പിടിക്കുന്ന പോലെ തോന്നിയിരുന്നു ഡോക്ടർ." അവൻ വീണ്ടും വിങ്ങിപ്പൊട്ടി.

● മറ്റൊരു മുഖം മനസ്സിൽ തെളിഞ്ഞു വരുന്നു. പതിവ് പോലെ ആശുപത്രിയിൽ നിന്ന് നേരം വൈകി ഞാൻ വീട്ടിലെത്തി. എന്നെ കാത്ത് വരാന്തയിൽ ലിസ്സി നിൽക്കുന്നു. കണ്ടമാത്രയിൽത്തന്നെ എനിക്ക് ആളെ മനസ്സിലായി. ഏകദേശം പത്ത് വർഷം മുൻപ് ഞാൻ ചികിത്സിച്ച ലിസ്സി. ഹോഡ്ജ് കിൻസ് ലിംഫോമായെന്ന അസുഖത്തെ അതിജീവിച്ചവൾ. അടുത്ത ആഴ്ച എന്റെ കല്ല്യാണമാണ്. ഡോക്ടറെക്കണ്ട് അനുഗ്രഹവും ആശീർവ്വാദവും വാങ്ങാൻ വന്നതാണ്. എന്റെ കയ്യിൽ വെറ്റിലയും നാണയവും തന്ന് ലിസ്സി എന്റെ കാൽക്കൽ തൊട്ട് നമസ്കരിച്ചു. ഞാൻ അവളുടെ തലയിൽ കൈവെച്ച് എല്ലാ ദൈവങ്ങളെയും മനസ്സിലോർത്ത് പ്രാർത്ഥിച്ചു. ലിസ്സിക്ക് നല്ലത് മാത്രം വരേണമേ. കല്ല്യാണക്കുറി എന്റെ കയ്യിൽ തന്നിട്ട് ലിസ്സി പറഞ്ഞു. 'സാറ് ദയവ് ചെയ്ത് കല്ല്യാണത്തിന് വരരുത്. ഞാൻ കാൻസർ രോഗിയായിരുന്നെന്നറിഞ്ഞാൽ ഈ കല്ല്യാണം മുടങ്ങും. എത്ര എത്ര കല്ല്യാണാലോചനകൾ മുടങ്ങിപ്പോയി. അച്ഛൻ കൂട്ടിച്ചേർത്തു. ഞാൻ ഒരു നിമിഷം തരിച്ചു നിന്നുപോയി.

● മറ്റൊരു ദിവസം. ഞാൻ കാർ പാർക്ക് ചെയ്യാൻ പേവാർഡിന്റെ മുമ്പിലെത്തിയതും ഒരു രൂപം വണ്ടിയുടെ മുന്നിൽ ചാടി വീണു. ഒരു ഭ്രാന്തന്റെ രൂപം. ചളി പിടിച്ച് ചുരുണ്ട് കീറിയ വസ്ത്രങ്ങൾ. അയാൾ അലറി വിളിക്കുന്നുണ്ടായിരുന്നു. എന്നെപ്പോലെ എത്ര പേരെ ഇയ്യാൾ ഈ രൂപത്തിലാക്കി വിടുന്നു. കാൻസർ ഭേദമാക്കിയെന്ന് പറഞ്ഞ് ഇറക്കി വിടുന്നു. പിന്നീട് ഞങ്ങൾ എങ്ങിനെ ജീവിക്കുന്നുവെന്ന് ഇയ്യാൾ തിരിഞ്ഞു നോക്കിയിട്ടുണ്ടോ? ഒരു ജോലി തരാൻ പോലും ആരും തയ്യാറല്ല. എല്ലാവർക്കും ഞങ്ങളോട് സഹതാപമാണ്. ആർക്ക് വേണം ഈ സഹതാപം? പിന്നെയും ഉറക്കെ അയാൾ എന്തൊക്കെയോ പുലമ്പുന്നുണ്ടായിരുന്നു.

● മറ്റൊരു രോഗി എനിക്കെഴുതി. എനിക്ക് ജോലി തരാൻ ആരും തയ്യാറല്ല. എനിക്ക് പെണ്ണു തരാൻ ആരും തയ്യാറല്ല. എന്തിന് എന്റെ സഹോദരിയുടെ വിവാഹം പോലും ഞാൻ ഒരു കാൻസർ രോഗിയായിരുന്നു എന്ന കാരണത്താൽ മുടങ്ങിപ്പോകുന്നു. എന്നും ഞാൻ ഇങ്ങിനെ ഒരു ഭാരമായി ജീവിക്കുന്നുവെന്ന് പോലും തോന്നിത്തുടങ്ങിയിട്ടുണ്ട്. കാൻസറിനെ അതിജീവിച്ച മറ്റൊരു രോഗിയുടെ കണ്ണുനീരിൽ കുതിർന്ന കത്ത്.

ഒന്നും രണ്ടുമല്ല, കഴിഞ്ഞ 15 വർഷത്തിനിടയിൽ ഇത്തരം വേദനാജനകമായ അനുഭവങ്ങൾ പങ്കുവെച്ച എത്രയെത്ര ജീവിതങ്ങൾ. ഇതെന്നെ തളർത്തുന്നുവോ? ഞാൻ ഉറക്കെ ചിന്തിച്ച് തുടങ്ങിയിരിക്കുന്നു. ഇവർക്ക് സാന്ത്വനമെവിടെ? മരിക്കുന്നവർക്ക് സാന്ത്വനമരുളുന്നവർ ജീവിച്ചിരിക്കുന്ന ഇക്കൂട്ടർക്ക് സാന്ത്വനമരുളാൻ മുന്നോട്ടിറങ്ങേണ്ടിയിരിക്കുന്നു.

*ഓങ്കോളജി ഡിപ്പാർട്ടുമെന്റ്,*
*ലേക്ഷോർ ഹോസ്പിറ്റൽ, കൊച്ചി*